# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 197 18.12.2012 -ലെ മറുപടി

**ശബരിമല തീർത്ഥാടകർക്കുള്ള യാത്രാ സൗകര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള:<br>" സി. എഫ്. തോമസ് :<br>" മോൻസ് ജോസഫ് :<br>" തോമസ് ഉണ്ണിയാടൻ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകർക്ക് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിരിക്കുന്ന വിപുലമായ യാത്രാ സൗകര്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | ഏതാണ്ട് രണ്ടര മാസത്തോളം നീണ്ടു നിൽക്കുന്ന ശബരിമല മണ്ഡലപൂജ മകരവിളക്ക് മഹോൽസവവുമായി ബന്ധപ്പെട്ട പ്രത്യേക സർവ്വീസ് കെ.എസ്.ആർ.ടി.സി. ഒരു പ്രസ്റ്റീജ് സർവ്വീസായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ലാഭ-നഷ്ടം നോക്കിയല്ല ഈ പ്രത്യേക സർവ്വീസ് നടത്തി വരുന്നത്. പമ്പയിൽ ഗ്യാരേജ് ഉൾപ്പെടെ എല്ലാവിധ സംവിധാനങ്ങളോടും കൂടിയ ഒരു ബസ് സ്റ്റേഷൻ ഈ കാലയളവിൽ ഒരു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. എരുമേലി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും പമ്പയ്ക്കും മറ്റു പ്രധാനപ്പെട്ട കേന്ദ്രങ്ങളിലേക്കും പ്രത്യേക സർവ്വീസ് നടത്തുന്നുണ്ട്. പുറമെ തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം, കുമിളി, എറണാകുളം, ഗുരുവായൂർ, കായംകുളം എന്നീ യൂണിറ്റുകളിൽ കൂടുതൽ ബസ്സുകൾ പൂൾ ചെയ്ത് പ്രത്യേക സർവ്വീസുകൾ നടത്തുന്നുണ്ട്. നിലയ്ക്കൽ -പമ്പ ചെയിൻ സർവ്വീസിന് മാത്രമായി ആദ്യഘട്ടത്തിൽ 81 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചത്. തീർത്ഥാടകരുടെ തിരക്ക് വർദ്ധിക്കുന്നതിനനുസൃതമായി ബസ്സുകളുടെ എണ്ണം കൂട്ടുന്നതാണ്. 3 വർഷത്തിന് താഴെ പഴക്കമുള്ള പുതിയ ബസ്സുകളാണ് ഈ പ്രത്യേക സർവ്വീസുകൾക്കായി കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചു വരുന്നത്. പമ്പയിലെ ബസ് സ്റ്റേഷനു പുറമെ നിലയ്ക്കലിലും ഈ കാലയളവിൽ താൽക്കാലിക ബസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. 2002-2003 മുതൽ തുടക്കം കുറിച്ച നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിനും പ്രത്യേക സർവ്വീസുകൾക്കുമായി ആദ്യഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. 234 ബസ്സുകളാണ് മാറ്റിവച്ചത്. ഇതിനു പുറമെ രണ്ടാം |
| (ബി) | കെ.എസ്.ആർ.ടി.സി. അയ്യപ്പ ഭക്തർക്ക് നൽകിവരുന്ന മികച്ച സേവനം വിപുലമാക്കി തീർത്ഥാടനം സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഘട്ടത്തിൽ 118 ബസ്സുകളും ഉപയോഗിക്കുന്നുണ്ട്. കൂടാതെ പമ്പയിൽ നിന്നും തമിഴ്നാട്ടിലെ തെങ്കാശി, പഴനി, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകളും നടത്തുന്നുണ്ട്. ചാലക്കയം, പമ്പ, നിലയ്ക്കൽ, പ്ലാപ്പള്ളി, പെരുനാട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മൊബൈൽ വർക്ക് ഷോപ്പ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മാർഗ്ഗം വരുന്ന അയ്യപ്പഭക്തൻമാരുടെ സൗകര്യാർത്ഥം ചെങ്ങന്നൂർ, കോട്ടയം, എറണാകുളം എന്നീ റെയിൽവേ സ്റ്റേഷനുകളിൽ നിന്നും പമ്പയിലേക്കും എരുമേലിയിലേയ്ക്കും പ്രത്യേക സർവ്വീസുകൾ നടത്തുന്നുണ്ട്. തീർത്ഥാടകരുടെ അമിതമായ തിരക്ക് അനുഭവപ്പെടുന്ന മകരവിളക്ക് ദിവസങ്ങളിൽ 1000 ബസ്സുകൾ വരെ ഉപയോഗിച്ചാണ് സർവ്വീസ് ക്രമീകരിക്കുന്നത്. തീർത്ഥാടന കാലയളവിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ ശ്രദ്ധയും ഈ സർവ്വീസുകളുടെ നടത്തിപ്പിനുണ്ട്. കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പിനും, തീർത്ഥാടകരുടെ സൗകര്യങ്ങൾക്കു വേണ്ടി കോർപ്പറേഷൻ വിപുലവും കുറ്റമറ്റതുമായ നടപടികളാണ് കൈക്കൊണ്ട് വരുന്നത്. തീർത്ഥാടകരുടെ അറിവിലേക്ക് സ്പെഷ്യൽ സർവ്വീസ് സെന്ററുകളിലെ കൺട്രോൾ റൂമുകളുടെ ഫോൺ നമ്പരുകൾ പത്രദ്വാരാ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | മണ്ഡല-മകര വിളക്ക് കാലത്ത് കൂടുതൽ ക്ഷേത്ര നഗരങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | മണ്ഡല-മകര വിളക്ക് കാലത്ത് കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിൽ നിന്നും തിരുവനന്തപുരത്ത് പഴവങ്ങാടി ഗണപതി ക്ഷേത്രത്തിൽ നിന്നും കോട്ടയത്ത് തിരുനക്കര മഹാദേവ ക്ഷേത്രത്തിൽ നിന്നും ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ നിന്നും ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്നും പമ്പയിലേയ്ക്കും, എരുമേലിക്കും പ്രത്യേക സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുറമെ തീർത്ഥാടകരുടെ സൗകര്യാർത്ഥം കുറഞ്ഞത് 40 അയ്യപ്പ ഭക്തൻമാരെ ലഭിക്കുമെന്നുണ്ടെങ്കിൽ അത്തരം കേന്ദ്രങ്ങളിൽ നിന്നും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് യൂണിറ്റധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Geethakumari

സെക്ഷൻ ഓഫീസർ